ഷൻ വാങ്ങി തിരിച്ചുപോകുന്നു. നടത്തിപ്പുകാരി ഒരു വിനോദസഞ്ചാരിയുമായി അവൾക്ക് വിലപേശുന്നു. കരാറാക്കുന്നു.

**രംഗം 3:** ഒരു വിരിപ്പുകൊണ്ട് മറയുണ്ടാക്കി നാല് കൊച്ചുകുട്ടികൾ സ്റ്റേജിലെത്തുന്നു. ആ വിരിപ്പുമറയ്ക്ക് പിന്നിൽനിന്ന് ഒരു പെൺകുട്ടിയുടെ ദീനമായ നിലവിളി ഉയരുന്നു. അവളുടെ വസ്ത്രങ്ങൾ വിരിപ്പുമറയ്ക്ക് മുകളിലൂടെ സദസ്യരുടെ നേർക്ക് പറന്നുവരുന്നു.

**രംഗം 4:** പഠിച്ചുമിടുക്കിയാവാൻ കൊതിച്ച പെൺകിടാവ് ഉറക്കഗുളികകൾ വിഴുങ്ങുകയാണ്. അവൾ മരിച്ചുവീഴുന്നു.

**രംഗം 5:** മാതാപിതാക്കളുടെ നിഷ്ഫലമായ പശ്ചാത്താപം.

നാടകം തീർന്ന് കുട്ടികൾ പൊട്ടിച്ചിരിക്കുമ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. അതിലെ ദുഃഖരംഗങ്ങൾ കണ്ടിട്ടല്ല. മാംസവിൽപ്പനയും ബലാൽസംഗവും ആത്മഹത്യയും പ്രമേയമായുള്ള ഒരു നാടകം കൊച്ചുകുഞ്ഞുങ്ങൾ അഭിനയിക്കുകയാണ്. അവരുടെ പൊള്ളുന്ന ജീവിതത്തിലെ രക്തം കിനിയുന്ന ഒരേടാണത്.

ചെറുനഗരങ്ങളിൽ നിയമത്തിന്റെയും നിയമപാലകരുടെയും അർദ്ധസമ്മതത്തോടെ പാശ്ചാത്യനായ വിനോദസഞ്ചാരിയോടൊപ്പം ഉള്ളിലെ വിങ്ങലുകൾ ചുണ്ടിലെ ചായത്താൽ മറച്ചുചിരിച്ച് നടന്നുപോകുന്നവൾ.

അവളെ ശിക്ഷിക്കുന്ന ടൂറിസം ആരെയാണ് രക്ഷിക്കുന്നത്? എന്റെ അടുത്ത സുഹൃത്തും വൈ.എം.സി.എ. ഏഷ്യൻ അലയൻസിന്റെ മുൻ ജനറൽ സെക്രട്ടറിയും ഇപ്പോൾ എക്യുമെനിക്കൽ കൊയലിഷൻ ഓഫ് തേഡ് വേൾഡ് ടൂറിസത്തിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറുമായി റവ. ടാൻ ചീകിയോംഗ് ഒരിക്കൽ പറഞ്ഞു: "ഞാൻ കഴിഞ്ഞ 30 വർഷമായി ഏഷ്യൻ നഗരങ്ങളിൽ നിരന്തരം സഞ്ചരിക്കുന്നു. ടൂറിസം വളരുന്നത് ഞാൻ നേരിൽക്കണ്ടുവെന്നു പറയാം. എന്നാൽ അന്നത്തെ ടാക്സിഡ്രൈവർമാർ താമസിച്ചിരുന്ന അതേ ചേരികളിലാണ് അവരുടെ പിന്മുറക്കാരും താമസിക്കുന്നത്. അവരുടെ ക്ഷീണിച്ച മുഖങ്ങൾക്ക് മാറ്റമില്ല. ടൂറിസം ആരെയാണ് ഉദ്ധരിച്ചത്?"

ടൂറിസംകൊണ്ട് വികസിച്ച ഒരു രാജ്യവുമില്ല. തകർച്ച മാത്രം. സ്വകാര്യ കൺസൾട്ടൻസികളെക്കൊണ്ടെഴുതിക്കുന്ന റിപ്പോർട്ടുകൾക്ക് പുറത്ത്, കാര്യമായ ഒരു തൊഴിലവസരവും സൃഷ്ടിക്കാത്ത, പരിസ്ഥിതിയെ നശിപ്പിക്കുന്ന, വികസനത്തിനുതകാത്ത, ഇപ്പോഴും സമ്പദ്വ്യവസ്ഥയിലെ അപ്രധാനമേഖലമാത്രമായി തുടരുന്ന ടൂറിസത്തിന്റെ ബാക്കിപത്രമായി ഇത്തരമൊരു ചിത്രം കേരളത്തിലുണ്ടാവരുത്. അങ്ങനെ വന്നാൽ, ദൈവം പൊറുത്താലും അസുരൻ പൊറുക്കില്ല.

*യു.ജി. 142 എ, ഉള്ളൂർ ഗാർഡൻസ്*
*തിരുവനന്തപുരം-11*
*e-mail : sreekumartt@gamil.com*

**സിവിൽ സമൂഹവും ഇടതുപക്ഷവും**
ഡോ. ടി.ടി. ശ്രീകുമാർ
പേജ് 145, വില : 75 രൂപ
ഒലിവ് ബുക്സ്, കോഴിക്കോട്

● **അനുസ്മരണം**



# ബാബാ ആംതെ

ഡേവീസ് വളർക്കാവ്

1999-ൽ നർമ്മദാ തീരത്തെ ഡോംഖെഡിയിൽ നടന്ന സത്യഗ്രഹത്തിലും റാലി ഫോർ വാലിയിലും പങ്കെടുത്ത തൃശൂരിൽനിന്നും പോയ എട്ടംഗ സംഘത്തിന് ബാബ ആംതെയെ ഒന്നു കാണുക എന്നത് വലിയൊരു ആഗ്രഹമായിരുന്നു. മേധാ പട്ക്കറേയും അരുന്ധതി റോയിയേയും പരിചയപ്പെട്ട ഞങ്ങൾക്ക് ത്രിമൂർത്തികളിൽ ബാക്കി ആംതെയായിരുന്നു. അങ്ങിനെ മടക്കയാത്രയിൽ കസറാവത്തിലേക്ക് ഞങ്ങൾ യാത്ര തിരിച്ചു. 1988-ൽ ആനന്ദവനിൽവെച്ച് നടന്ന വൻ അണക്കെട്ടുകളുടെ അപകടങ്ങളെക്കുറിച്ചുള്ള സമ്മേളനത്തിനുശേഷം സർദാർ സരോവർ പണി പൂർത്തിയായാൽ മുങ്ങിപ്പോകുന്ന നിമാഡിലെ കസറാവത്ത് ഗ്രാമത്തിൽ നർമ്മദയുടെ തീരത്താണ് ബാബ ആംതെ സ്ഥിരതാമസമാക്കിയിരുന്നത്. ആശ്രമത്തിലെത്തിയ ഞങ്ങൾക്ക് ദാഹം തീർക്കാൻ ഏർപ്പാട് ചെയ്തശേഷം കസറാവത്തിന്റെ പഴയ ഫോട്ടോകൾ കാട്ടിത്തന്നു. തരിശുഭൂമിയായിരുന്ന ഈ സ്ഥലം ഈ കാണുന്ന പച്ചപ്പിലേക്ക് എത്തിച്ചതാണെന്നും അതിനുള്ള പരിശ്രമങ്ങളും ഞങ്ങളോട് പങ്കുവെച്ചു.

ബാബക്ക് നിൽക്കാനും ഇരിക്കാനും പ്രയാസമായിരുന്നു. കിടന്നുകൊണ്ടാണ് സംസാരിച്ചിരുന്നത്. എന്നിട്ടും ഞങ്ങളോടൊപ്പം അരയിൽ ബെൽറ്റ് കെട്ടി പറമ്പിലേക്ക് നടന്നുവരികയും പ്രകൃതിയുമായി ബന്ധപ്പെട്ട ധാരാളം കാര്യങ്ങൾ പറഞ്ഞുതരാനും തയ്യാറായി. 1990 ഡിസംബർ 26 മുതൽ ഫെബ്രുവരി വരെ നടന്ന സംഘർഷയാത്രയിൽ ആമ്പുലൻസിൽ യാത്ര ചെയ്താണ് ബാബ പങ്കെടുത്തത്. നട്ടെല്ലിന്റെ രണ്ടു കശേരുകൾ എടുത്തുമാറ്റിയ, ശ്വസിക്കാൻ രണ്ടു പേസ്മേക്കറുകൾ ഘടിപ്പിച്ച, ഒട്ടേറെ ഓപ്പറേഷനുകൾക്ക് വിധേയനായ ഈ മനുഷ്യന്റെ 84-ാം വയസ്സിലെ ഓജസ്സും പ്രസരിപ്പും ഞങ്ങളെ അതിശയിപ്പിച്ചു. ആ കട്ടിലിനു ചുറ്റും കൂടിനിന്ന് ചുണ്ടിൽനിന്ന് വരുന്ന മൊഴിമുത്തുകൾ കേൾക്കാൻ കാതുകളർപ്പിച്ച് വിനീതരായി നിന്ന ഞങ്ങളോട് ടയർ ചെരിപ്പിട്ട് നടക്കാൻ തുടങ്ങിയതിന്റെ പിറകിലെ കഥയും, സാമൂഹ്യ പ്രവർത്തനത്തിന്റെ ആദ്യപാഠങ്ങളും, നർമ്മദ സമരത്തിന്റെ പ്രാധാന്യവുമെല്ലാം പറഞ്ഞുതന്നത് കൊത്തിവെച്ചപോലെ ഇന്നും മനസ്സിൽ നിൽക്കുന്നു.

*സഹോദരഭവനം, ശ്രീബുദ്ധ ലെയിൻ,*
*അഞ്ചേരി, തൃശൂർ*